വർദ്ധിപ്പിച്ച വീട്ടുകരം

249 (3228) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ നടപ്പിലാക്കിത്തുടങ്ങിയ വർദ്ധിപ്പിച്ച വീട്ടുകരത്തിന്റെ നിരക്കിൽ കുറവു വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വർദ്ധിപ്പിച്ച വീട്ടുകരം ഈ സാമ്പത്തിക വർഷം മുതൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതിന്റെ കടിശ്ശിക ജനങ്ങളിൽനിന്നും ഈടാക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പുതിയ വീട്ടുകരം സംബന്ധിച്ച ഉത്തരവ് ഇറങ്ങിയത് എന്നാണ് ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ ; പ്രസ്തുത ഉത്തരവ് മരവിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) വീട്ടുകരം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 24-2-2015-ലെ സ.ഉ(അ) നമ്പർ 36/2015 തസ്വഭവ പ്രകാരം നിരക്ക് നിശ്ചയിച്ചുകൊണ്ടുള്ള ഭേദഗതി വിജ്ഞാപനത്തിൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് എന്നിവയ്ക്ക് (അണ്ടർ ടേക്കിംഗിന്റെ അടിസ്ഥാനത്തിൽ) 3-8 നിരക്കായി കുറച്ചിട്ടുണ്ട്. മുൻപ് ഇവയ്ക്ക് 20-40 രൂപ നിരക്കാണ് നിശ്ചയിച്ചിരുന്നത്. എം.എസ്.എം.ഇ. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരുന്ന 40-60 രൂപ നിരക്ക് 15-25 രൂപയായി കുറവ് ചെയ്തിട്ടുണ്ട്. 14-1-2011 മുതൽ വീട്ടുകരം (വസ്തുനികുതി) പുതിയ നിരക്കിലാണ് ഈടാക്കുന്നത്. വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി നൽകി വരുന്നവർ 1-4-2013 മുതൽ പുതിയ നിരക്കിൽ (തറവിസ്തീർണ്ണം അടിസ്ഥാനമാക്കി) വസ്തു നികുതി നൽകേണ്ടതുണ്ട്. വസ്തു നികുതി പരിഷ്കരണ നടപടികൾ സഞ്ചയ സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് നടന്നുവരുന്നത്. സോഫ്റ്റ്വെയർ യഥാസമയം സജ്ജമാകാത്ത സാഹചര്യത്തിൽ ഏതെങ്കിലും കെട്ടിടങ്ങളുടെ വസ്തു നികുതി പഴയ നിരക്കിലാണ് വാങ്ങിയിട്ടുള്ളതെങ്കിൽ അത് ചട്ടപ്രകാരം പുതിയ നിരക്കിൽ ക്രമപ്പെടുത്തി കടിശ്ശിക ഈടാക്കാൻ ഗ്രാമപഞ്ചായത്തുകൾ ബാധ്യസ്ഥമാണ്.

(ബി) തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കുന്നതിനു വേണ്ടി ചട്ടങ്ങൾ വിജ്ഞാപനം ചെയ്തത് 14-1-2011-ലാണ്. അതോടൊപ്പം 14-1-2011-ലെ സ.ഉ(അ) നമ്പർ 19/2011/ത.സ്വ.ഭ.വ. പ്രകാരം വിവിധ വിഭാഗത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്ക് നിശ്ചയിച്ചും സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) ഇതുമായി ബന്ധപ്പെട്ടുണ്ടായ വൈഷമ്യങ്ങൾ പലതും ഇതിനകം പരിഹരിച്ചുകഴിഞ്ഞ സ്ഥിതിക്ക് വസ്തു നികുതി പരിഷ്കരണം മരവിപ്പിക്കേണ്ട സാഹചര്യം ഇപ്പോൾ നിലനിൽക്കുന്നില്ല.

(സി) നിലവിലുള്ള ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർണ്ണയിക്കുന്ന വസ്തു നികുതി സംബന്ധിച്ച് ആക്ഷേപമുള്ള പക്ഷം, സെക്രട്ടറിയുടെ ഡിമാന്റ് നോട്ടീസ് ലഭിച്ച് 30 ദിവസത്തിനകം കെട്ടിട ഉടമയ്ക്കോ അയാൾ അധികാരപ്പെടുത്തിയ ആൾക്കോ രേഖാമൂലം ഗ്രാമപഞ്ചായത്തിന്റെ നികുതികാര്യ അപ്പീലുകൾ കൈകാര്യം ചെയ്യുന്ന ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മുൻപാകെ അപ്പീൽ നൽകാവുന്നതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി എടുത്ത തീരുമാനത്തിനെതിരെ ആക്ഷേപമുള്ള ഏതൊരാൾക്കും മുപ്പത് ദിവസത്തിനകം കേരള പഞ്ചായത്ത് രാജ് ആക്ടിലെ 276-ാം വകുപ്പ് 5-ാം ഉപവകുപ്പ് പ്രകാരം, ഒരു റിവിഷൻ ഹർജി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണൽ മുൻപാകെ ബോധിപ്പിക്കാവുന്നതുമാണ്.

നെയ്യാറ്റിൻകര മണ്ഡലത്തിലെ തൊഴിൽകരം ഈടാക്കുന്ന സ്ഥാപനങ്ങൾ

250 (3230) <u>ശ്രീ. ആർ. സെൽവരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ ചെങ്കൽ, കാരോട്, കളത്തൂർ, തിരുപുറം, അതിയന്നൂർ എന്നീ പഞ്ചായത്തുകളിൽ തൊഴിൽ കരം ഈടാക്കുന്ന സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, സ്വകാര്യ മേഖല, കല്യാണമണ്ഡപങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് അതത് പഞ്ചായത്തുകളിൽ ലഭ്യമാണോ ;

(ബി) തൊഴിൽ കരം ഈടാക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും പേര്, വിലാസം, ഫോൺ നമ്പർ എന്നിവ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഗ്രാമപഞ്ചായത്തുകൾ ലഭ്യമാക്കിയ ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly